LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015 മാർച്ചിൽ പാസ്സായ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ എണ്ണം 22343 ആണ്.

(ബി) ഹയർസെക്കന്ററി പാസ്സായ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ ഉപരിപഠന സൗകര്യവും തൊഴിലധിഷ്ഠിത ഹയർസെക്കന്ററി പാസ്സായ വിദ്യാർത്ഥികൾക്കും ലഭ്യമാണ്. കൂടാതെ ടി വിദ്യാർത്ഥികൾക്ക് പോളിടെക്നിക്കുകൾ നടത്തുന്ന 3 വർഷ ഡിപ്ലോമ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് 2 ശതമാനവും എം.ജി. സർവ്വകലാശാലയുടെ ബി.എസ്.സി. എം.എൽ.റ്റി. കോഴ്സ് പ്രവേശനത്തിന് 5% സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

സ്കൂളുകളിൽ ആരോഗ്യവകുപ്പ് നടത്തിയ പരിശോധന

39 (2522) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചതുമായ വീഴ്ചകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത വീഴ്ചകൾ പരിഹരിക്കുന്നതിന് സ്കൂൾ അധികൃതർക്കും, നിയന്ത്രണാധികാരിക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) സ്കൂൾ വർഷം ആരംഭിച്ചിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചതുമായ വീഴ്ചകൾ മൂവടെ ചേർക്കുന്നു :

1. കുടിവെള്ളം ഗുണമേന്മ പരിശോധന നടത്താത്ത സ്കൂളുകൾ (ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്)
2. പാചക പുരയിൽ ശുചിത്വം ഇല്ലാത്തവ
3. പാചകക്കാർ ശുചിത്വം ഇല്ലാത്തവരോ/അസുഖം ഉള്ളവരോ ആയി കാണപ്പെട്ടവ
4. പരിസരശുചിത്വം പാലിക്കാത്തവ
5. യൂറിനൽ, ടോയ്ലറ്റ് എന്നിവ ശുചിത്വം പാലിക്കാത്തവ
6. യൂറിനൽ, ടോയ്ലറ്റ് എന്നിവ കുട്ടികൾക്ക് ആനുപാതികമായി ഇല്ലാത്ത സ്കൂളുകൾ
7. കൊതുകുജന്യരോഗ സാഹചര്യങ്ങൾ ഉള്ളവ
8. "പുകവലി നിരോധിത മേഖല " എന്ന ബോർഡ് ഇല്ലാത്തവ
9. പുകയില ഉൽപ്പന്നങ്ങൾ 100 വാര (91.4 മീറ്റർ) ചുറ്റളവിൽ വിൽക്കാൻ പാടില്ല" എന്ന ബോർഡ് ഇല്ലാത്തവ
10. സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത സ്കൂളുകൾ

(ബി) നൽകിയിട്ടുണ്ട്.

(സി) അടിയന്തര നടപടി സ്വീകരിക്കാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.